# വർണ്ണരേഖ

CHENNAMANGALLUR
HIGHER SECONDARY SCHOOL



Little Kites Digital Magazine

# EDITORIAL BOARD


ചീഫ് എഡിറ്റർ

യജത്ത്

എഡിറ്റേഴ്സ്

ഫാത്തിമ മർവ

മീനാക്ഷി

വേദലക്ഷ്മി

മിദ്ഹ

ദിയ ഫാത്തിമ ടി.പി

ലിറ്റിൽ കൈറ്റ് മാഗസിൻ സർഗ്ഗാത്മകതയുടെ

വിളംബരം

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ചിന്തകൾ കഥകളായും കവിതകളായും ചിത്രങ്ങളായും മറ്റും വിരിയുമ്പോൾ ഈ സർഗ്ഗാത്മകതയെ പുറം ലോകത്തെ അറിയിക്കാനുള്ള മാർഗ്ഗമായാണ് ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിനെ കണക്കാക്കുന്നത്. ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ തയ്യാറാക്കിയ .......... ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

ലിറ്റിൽ കൈറ്റ്

മെൻ്ററഴ്സ്

പ്രിയമുള്ള കൂട്ടുകാരെ, നിങ്ങൾ ഒരു ഡിജിറ്റൽമാഗസിന്റെ പ്രവർത്തനങ്ങളിൽആണെന്ന് അറിഞ്ഞു. വളരെ സന്തോഷം. അതിന് നിങ്ങൾക്ക് പ്രചോദനമായി നിൽക്കുന്ന അധ്യാപകരെ അഭിനന്ദിക്കുന്നു. നിങ്ങളുടെ സർഗാത്മക കഴിവുകൾ വളർത്താൻ ഏറെ സാധ്യതകൾ പ്രദാനം ചെയ്യാൻ ഇത്തരം ആവിഷ്കാരങ്ങൾക്ക് കഴിയുമെന്ന് ഞാൻ വിചാരിക്കുന്നു. ഡിജിറ്റൽ ലോകത്ത് ജനിക്കാനും അതിൽതന്നെ വളരാനും ഭാഗ്യം ലഭിച്ച ആൽഫാ ജനറേഷനിൽപ്പെട്ട നിങ്ങൾക്ക് ജീവിതത്തിൽനന്മകളിൽകാലൂന്നി ഡിജിറ്റൽലോകത്ത് ചിറക് വിടർത്തി ഉയർന്ന് പറക്കാൻ ഈ....... അവസരം നൽകട്ടെ എന്ന് ആശംസിക്കുന്നു.

-ബഷീർമാസ്റ്റർ

# TRUTH OF SLEEP

When I was sleeping
Sometimes he comes to
my mind
Whenever I tried to
forget him
But my mind is not to
agree that's why I am!

Sometimes I change my
position on my bed to a
peaceful sleep
But him and his
memories˙..
When I see him in a
day that night my dream,
my everything is
He turns in that night
what man˙..?


When I look to the
moon and count the stars
one of the sky˙.. Because
that much I am happy.
Thinking about him

I think him like!
When I think what
happened to me,why I
like this, and I know one
thing

He is not mine˙. But but
think about him he goes
from the Asia,but my
mind not to agree that he
go he goes from this
world to heaven,but my
mind not to agree that

Because he is only for
me˙.. he is my!

The reason behind my
Sleepless Night,1000 of
nights of my sleepless,at
the days I am fail˙..but I
don't mind that because
that much he is settled
On My Mind



he is one of my
peace,he is one of my
heaven, he is one of
my everything in my
life
no words to compare
him no human can
mention him·,like this!

but I don't understand
the real truth the real
truth,
The real truth was
coming in front of
me
but I don't mind
because my mind fall
of him·. my brain

Why not he is my
Cardina number,
my heart chamber,
my kidney··

He is my soul!

Every times his
Shadow
comes and protect me
in my every situation·..
he comes

My map,why not I
hate you from my man
I love my nap·. but
my man comes to my
mind that's why you
go from my eyes.

Whenever you comes
to my eyes,
one the sport he comes
to my mind,·
he is the Apple of my
eyes
at the night full of
him and imagination
my naps go far away
from me
But the day time I
think about him

and I go slowly to my
nap

But him and memories
not change from mind
every night, everyday,
where I goes, and
when I talk with
someone
He is
fully in my mind

And his Shiny eyes,
wavy hairstyle, lovely
voice and him!
Is full of my
mind
that matters I fully
thought

All Nights I think one
man
My man!
But real truth is he, is
not a person
not a human, he is not
leaving,he is a fictional
Man On My Mind.the
real truth of this
Sleepless Night!

Sabiha. KP

10 D



# Solo journey for someone

Sometimes you thing that you doing nothing with your life and waiting it and make plans for each day good it's not working I have been planning and planning but nothing is working I feel like I am going to regret my all life.... no I don't want to.. but still I am not working anymore not even doing what I even liked but my old writings and turns I want it allback no just focus on your studies Ezra with your parents you can't do nothing more in life study as your parents say ezra rajasting about nothing you are parents happy ezra wow but what about my happiness no never thing like that ezra they are saying it for your own bright future life is not about cache as what you like that cache what could make beautiful and make others happy but I feel like I am best saying myself really wonder to write and become a poet not a doctor but it's shoe I can't became a poet now is it wrong to chase you are on likes not your friend parents but I know being a doctor is good for myself and for others but I like to write for others to why do everyone hate that I love to become apoide so did not I choose my likes why Making My Head breast into pieces dress for doing what I don't like no no no what were you thinking ezra told you to never thinking like that what poems are never do going to hearing success

in your life ezra even if you are  head hurst into pieces do what you Malee your parents happy and proud ezra stop
Ezra stop talking to yourself it doesn't mad mad it Dees matter no words having happening in my head the load is heavy heavy I can't bear it no ezra just learn leane it
Leane it
Do what you are parents saying it's for you a future
Ezraaaa.... shouted balu outside the room by knodeing the door ezra just make up from how and uucousions mind balu asked again areuit your there ezra how many times I am I calling you are just come out here your mom is calling for you still no reply from ezra she mere lying in her bed thing is in it she showed open lie the door or not she doesn't what Balu to enter he should outside no her loud mind anyways I am living ezra your mom also asked me to kick on your just to know if your studying or not I guess I will say that your mere sleeping still no reply from Ezra what more to say from her she got up from her bed and locked at herself in the mirror looking at her dark murder around her eyes and her Pale face she said to herself may be my future will be sweet bitterful journey

**Esra Harshad**
**10 G**

# മുറിപ്പാടുകൾ

അസതമയ സൂര്യന്റെ അവസാന കിരണങ്ങൾ കടൽ വെള്ളത്തിന് തിളക്കം നൽകി. അവൾക്ക് കാവലെ ന്ന വണ്ണം ഒരു പരുന്ത് മാത്രം ആകാശത്ത് വട്ടമിട്ടു പാഞ്ഞിരുന്നു. എനിക്കു കഴിയുമെന്ന് തോന്നുന്നില്ല, ഈ നശിച്ച ഓർമ്മകളിൽനിന്നൊരു മോചനം എനിക്ക് കിട്ടുമെന്നനിക്കു തോന്നുന്നില്ല. അവൾ ആരോടെന്നില്ലാതെ  പറഞ്ഞ് കൊണ്ടിരുന്നു. ഇടക്കെ വിടെയോ അവളുടെ തൊണ്ടയിടറുന്നതവളറിഞ്ഞു. എങ്ങനെയാണ് ഞാനിത്ര മാറിയത്.  എപ്പോഴാണെനിക്കു തെറ്റുപറ്റിയത്.അമ്മയുടെ ദേവു ഇപ്പോൾ അമ്മയെ വിളിച്ചിട്ടു തന്നെ ആഴ്ചകൾ പിന്നിട്ടു.ഫോണിൽ അമ്മുവിന്റെ പത്തോളം മെസ്സേജുകൾ വന്നു കിടപ്പുണ്ട് തുറക്കാൻ തോന്നുന്നില്ല ഒന്നാം ക്ലാസ് മുതൽ കൂടെയുണ്ടായിരുന്നവളാണ് അമ്മു , അവളില്ലാത്തദിവസം ഞാൻ സ്കൂളിൽപോകില്ലായിരുന്നു. ഇപ്പോഴിതെന്ത്പറ്റി.സന്ധ്യയുടെ സൗന്ദര്യത്തിൽഅവൾ ഓർമകളിലേക്കു വഴുതിവീണു.

അന്നത്തെ   ആ മഴ ദിവസം അവൾ ഓർത്തെടുത്തു.അന്നൊരു ശനിയാഴ്ചയായിരുന്നു,പിറ്റേന്ന് കോളേജ് അവധിയായതിനാൽഅന്ന് ഹോസ്റ്റലിൽപോകാതെ നേരെ വീട്ടിൽപോകാമെന്ന്  കരുതിയതാണ് അപ്പോഴൊരു നശിച്ച മഴ. മഴ ഒരു നർത്തകിയെ പോലെ മുടിയഴിച്ചാടുമ്പോൾ അവളുടെ മനസ്സും അതേ നിലയിലായിരുന്നു. വൈകീട്ട് ആറ് മണിക്ക് ബസ്സുള്ളതാണ്,എങ്ങനെ പോകും. അവൾ അവസാന പ്രതീക്ഷയെന്നോണം വാച്ചിലേക്കു നോക്കി സമയം ആറുമണി കഴിഞ്ഞു. ബസ് പോയി കാണും.തിരികെ ഹോസ്റ്റലിലേക്കു പോകാമെന്നു വെച്ചാൽമഴ ശമിക്കാൻ കാക്കണം. അന്ന് ക്ലാസ്സിൽതനിച്ചിരിക്കുമ്പോഴാണ് മലയാള അധ്യാപകനായ രാജൻ മാഷിന്റെ വരവ്.ഞാൻ ആരാധിക്കുന്ന ആ അധ്യാപകന്റെ മനസ്സിൽ,അപ്പോൾ താൻ, ഒരു മൃഗത്തിന്റെ മുൻപിൽപെട്ട ഇരയെപോലെയായിരുന്നുവെന്നത് അവളറിഞ്ഞിരുന്നില്ല.പതിയെ അയാളുടെ കൈകൾ ചലിച്ചു.അവൾ കുതറി മാറി.അയാളുടെ കരുത്തൻ കൈകളിൽഅവളൊരു പുൽനാമ്പു മാത്രമായിരുന്നു. ഭീതിയും സങ്കടവും ചേർന്ന് ഒരു പാമ്പായി മാറി അവളെ വരിഞ്ഞു മുറുക്കി. ഒരു വിധത്തിലാണ് അന്ന്

കുതറിയോടിയത്. പുസ്തകവും ബാഗുമെല്ലാം അവിടെയിട്ട് അവൾ മഴയത്ത് ഇറങ്ങിയോടി. എത്ര ദൂരം അങ്ങനെ ഓടി എന്നവൾക്കറിയില്ല. കിതച്ചു കൊണ്ടോടിവരുന്ന അവളെ പിടിച്ചിരുത്തിയതും കാര്യങ്ങളന്വേഷിച്ചതും അമ്മുവായിരുന്നു.

അന്ന് അത്രയെല്ലാം സംഭവിച്ചിട്ടും എന്റെ അമ്മക്ക് ഇത് അംഗീകരിക്കാനായില്ലെന്നതിനേക്കാളും ഒരു നടപടിയുമുണ്ടായില്ലെ എന്നതിനേക്കാളും എന്നെ മുറിവേൽപ്പിച്ചത് ഞാൻ ഏറെ ബഹുമാനിച്ചിരുന്ന ഒരാളിൽനിന്നും ഇത്തരം ഒരു അനുഭവമുണ്ടായതാണ് കുടുംബത്തിന്റെ അഭിമാനമാണ് പ്രധാനമെന്നും കല്യാണലോചന വരില്ലെന്നും പറഞ്ഞ് സ്വന്തം മോളുടെ ഒരനുഭവത്തിന് നടപടിയെടുക്കാത്ത കുടുംബത്തോടും ഇനിയും മാറാത്ത സമൂഹത്തോടുമുള്ള വെറുപ്പായിരിക്കാം എന്നെ ഇങ്ങനെയാക്കി മാറ്റിയത്. അവൾ ചിന്തയിൽനിന്നുമുണർന്നു. ചുറ്റും ഇരുട്ടു പരന്നിരുന്നു. അവളുടെ മുന്നിലേക്ക് ഒരു പന്ത് പതിയെ ഉരണ്ട് വന്നു.അവൾ അത് എടുത്തു പിടിച്ചു.പിന്നാലെ ഒരു കൊച്ചുടുപ്പിട്ട പെൺകുട്ടിയും വന്നു.' എന്റെ പന്തൊന്നു തര്യോ ചേച്ചീ...' അവളുടെ മുറിഞ്ഞ വാക്കുകളും ഇളം പുഞ്ചിരിയും അവൾക്ക് ആശ്വാസമേകി. അവൾ പന്ത് കൊടുത്തു 'താങ്ക്യൂ ചേച്ചി...' ആ കുട്ടി അപ്പോൾ തന്നെ എങ്ങോട്ടോ ഓടി മാഞ്ഞു കാലങ്ങൾക്ക് ശേഷം അവളുടെ ചുണ്ടിൽപുഞ്ചിരി വിടർന്നു.ആ ഓർമ്മയുടെ ആഴമേറിയ മുറിവുകൾ അവൾക്ക് ഉണക്കാനാകില്ലെന്ന യാഥാർത്ഥ്യം അവൾ പതിയെപതിയെ അംഗീകരിച്ചു.അതിനായി തന്റെ ജീവിതംവെറുതേ വാഴാക്കേണ്ടതില്ലെന്ന പുതിയൊരു ചിന്തയുമായി അവൾ മണൽതിട്ടയിൽനിന്നു എഴുന്നേറ്റു നടന്നു

ഖദീജ ഹനിയ വി എച്ച്





# കണ്ണീർമഴ

അല്ലയോ വർഷമേ....
ഞാൻ അറിയുന്നില്ല ഇന്ന് നീ പൊഴികുന്നത്
കണ്ണീർമഴയോ,നൊമ്പര മഴയോ?
എന്നെയൊന്ന് കേൾപ്പിച്ചാലും.
വെള്ളിനൂലുകൾ പോലെ എന്നിലേക്ക്
നീയർപ്പിക്കുന്നത് നിൻ്റെ പ്രതിഷേധമോ
നിൻ്റെ വേദനയിലിതാ പൈതങ്ങൾ
ഉല്ലസിക്കുന്നു
നിൻ്റെ കണ്ണീരിൽ കളങ്കമായ മനസ്സുകളിതാ
പുളകം കൊള്ളുന്നു!!!
ജീവിതത്തിൻ്റെ ഈ യാത്രയിൽ നാമിരുവരും
പൊട്ടിക്കരയുന്നു ഒരുവസാനമില്ലാതെ...
ഒരർത്ഥവുമില്ലാതെ....
ഞാനും ആഗ്രഹിക്കുന്നു ആർത്തുകരയാൻ
നിന്നെ പോലെ....
എന്തിന് കണ്ണുനീർ പോലും എൻ്റെ
കൺമുനകളിൽ നിന്ന് പൊഴിയുന്നില്ലല്ലോ?
രക്തം പുരണ്ടകരങ്ങളുമായി ഞാൻ വരും
എൻ്റെ പ്രതിഷേധമറിയിക്കാൻ

തീർത്ഥ വിനോദ്
9E

# <u>ആർത്ത നാദം</u>

കാറ്റേ നിന്നെയോർത്ത് ഭീതിയിൽ
മുങ്ങിമുങ്ങി മരിക്കുകയാനിന്നുഞാൻ
എന്തിനു നീ ആർത്ഥസ്വരം പൊഴിച്ചു
ആവിഷ്കരിച്ചുകഴിയുന്നില്ലല്ലോ നിൻ ദുഃഖം നിൻ
ദുഃഖമിന്നു പലരുടേയും ഭീതി നിയിന്നെൻ ജിവിതത്തിൽ
തിരി നനച്ചു..

നിൻ ത്രാണിയൊരു കുടുംബത്തെ ധാരയിൽ
മുക്കികഴിഞ്ഞു
നിന് ദുഖിമിന്നു ഭൂമിയാം അമ്മയുടെ
നിദ്ര കെടുത്തുമെന്നതു
നിശ്ചയം
രജനി പുലരും മുൻപ്നിൻ ആർത്തസ്വരം
നിർത്തീടുമെന്നിതെൻ പൂതി...

--പ്രാർഥന പി. പ്രസാദ്



# <u>When The Wind Blows</u>

When the wind blows,
My heart flows
with the rhythmic steps it take

When the gentle breeze,
Calms my mind with ease I forget all that's mistake.

The breathe of Earth, that please me bare is all enough to
comfort my mind.

A little rest from all the tests, and a slight breeze to cool
the heat.

For all I fear , the man may dare to ruin such priceless gift.

The countless times it fixed my hair and so soon it made
my faces shift .

After all the life is an untold truth, and in the slow blows
we shall doubt not and enjoy the song and tune is shows.

**Dhanasree Ajith**



## ഓർമ്മകൾ

രാത്രി ഒരു പന്ത്രണ്ടര മുറിയാകെ എൻറെ മനസ്സ് പോലെ ഇരുട്ടാണ് പക്ഷേ ജനലുകളുടെ ഇടയിലൂടെ സൂര്യൻറെ അത്ര ശക്തി ഇല്ലാത്ത ഒരു വെളിച്ചം മുറിയിലെ നിലത്തേക്ക് പതിച്ചു. അത് ചന്ദ്രൻറെ താണ്. അതുപോലെ എന്റെ ജീവിതത്തിലും ഞാൻ കോളേജിൽ പഠിക്കുമ്പോൾ എന്റെ ഇരുണ്ട മനസ്സിൽ തട്ടിയ ആ വെളിച്ചംഉമ്മാൻറെ സ്നേഹത്തിൻറെ അത്ര ശക്തിയല്ലാത്ത ആ വെളിച്ചമാണ് ഇന്ന് ഈ പാതിരാത്രിയിൽ എൻറെ ഹൃദയത്തിൽ തറിച്ച ആ ആണി പെട്ടെന്ന് ഒരു ശബ്ദം. ഞാൻ ചിന്തകളിൽ നിന്ന് എഴുന്നേറ്റു പരിസര ബോധം വന്നു. നോക്കുമ്പോൾ ജനാലയുടെ അരികിൽ ചന്ദ്രൻറെ പ്രകാശത്തിൽ ഒരു രൂപംപ്രത്യക്ഷപ്പെട്ടു. ആ രൂപത്തെ കണ്ട് എൻറെ മനസ്സ് ഹൃദയത്തിൽ മിന്നൽ പരിശോധന നടത്തി അതെ... ഞാൻ ഓർക്കുന്നു ഒരു മാസം മുന്നേ ഇതേ രൂപത്തെ കണ്ടത് ജനാലയുടെ അരികിലേക്ക് ഞാൻ ഓടി പോയില്ലആ രൂപവും ഓടിയില്ല .അകെപ്പാടെ നിശബ്ദമായി അന്തരീക്ഷം ഞാനും രൂപവും പരസ്പരം അല്പം നേരം നോക്കി നിന്നു.

ഞാൻ ചോദിച്ചു "എൻറെ ഹൃദയത്തിലെ മുറിവുകളെ ഉണക്കാൻ എങ്കിലും" പിന്നീട് ഞാൻ ഒന്നും മിണ്ടിയില്ല.ആ വാക്കുകൾ ഞാൻ പറഞ്ഞപ്പോൾ എന്റെ കണ്ണുകളും നിറഞ്ഞിരുന്നു തൊണ്ട ഇടണ്ടയിരുന്നു.ഞാനെന്റെ വാക്കുകൾ തുടരും മുമ്പ് തന്നെ ഒരു തണുത്തഇളം കാറ്റ് വീശി കർട്ടനുകളുടെ ചലനത്തിൽ ആ രൂപവും മാഞ്ഞുപോയി.

അപ്പാർട്ട്മെൻറ് ഓണറുടെ വാതിലിന്റെ മേലെ എന്നോടുള്ള കലിയിൽ മുട്ടുന്ന ശബ്ദത്തോടെ ഞാൻ ഞെട്ടി ഉണരുന്ന സമയംഏകദേശം 1:30 ആയപ്പോൾ ഞാൻ മെലെ എഴുന്നേറ്റു വാതിലിന്റെ അരികിൽ ചെന്നു.

വാതിൽ തുറന്നു ഉമ്മ മെല്ലെ വന്ന് എന്നെ "തമന്ന" എന്ന് എൻറെ കാതുകളിലൂടെ വിളിക്കുമ്പോൾ ഞാൻ കണ്ണുകൾ തുറക്കുമ്പോൾ ഉമ്മാൻറെ മുഖം മുക്കത്ത് മായാത്ത പുഞ്ചിരി കാണുമ്പോൾപെട്ടെന്ന് "നീരാസ്വപ്നങ്ങൾ കാണുകയാണോ, നീ ഇനി ഇവിടെ താമസിക്കേണ്ട നിന്റെ രാത്രിയിലെ ലൈറ്റ് ഓണാക്കിയുള്ള ആ കിടത്തം ഇനി ഇവിടെ വേണ്ട ഒരു ആഴ്ച അതിനുള്ളിൽ നീ ഈ സ്ഥലം വിടണം.നിന്നോട് ഞങ്ങൾ എത്ര പ്രാവശ്യം പറഞ്ഞതാ. ഞങ്ങൾക്കു മതിയായി ഈ ഒരു ആഴ്ചക്കുള്ളിൽ വേറെ സ്ഥലം നോക്കി പോയികോളണംഎന്നു പറഞ്ഞു പോയി.

ഞാൻ ഭക്ഷണം വാങ്ങാൻ പുറത്തേക്കിറങ്ങി. അവിടെ പോകുന്ന

വഴിയെല്ലാം എല്ലാരും എന്നെ തുറിച്ചു നോക്കി പേടിപ്പിക്കുന്നു. ചിലർ എടുത്തുള്ളവരുടെ ചെവിയിലേക്ക് "അവൾക്ക് ഭ്രാന്താണ്" എന്ന് പറഞ്ഞത് ഞാൻ കേട്ടു.

ഞാൻ ഷോപ്പിൽ എത്തി ഒരാൾ തിരിഞ്ഞു നിൽക്കുന്നു എന്റെ ഹൃദയം വേഗത്തിൽ ഇടിക്കാൻ തുടങ്ങി. എനിക്ക് അത് ഒരു അപരിചിതനാണ് ഒരുപക്ഷേ എൻറെ ഹൃദയത്തിന് ആ രൂപം പരിചിതമാണ്.

എൻറെ ഓർമ്മകൾ പിന്നെയും എവിടേക്കോ പോയി ഞാൻ കോളേജിൽ പഠിക്കുമ്പോൾ ആയിരുന്നു ഉമ്മാൻറെ വേർപാട്.19 എന്ന ഇളയ പ്രായത്തെ അനാഥ എന്നെ വിശേഷണവും കൈപ്പറ്റിയിരിക്കുന്നു വീട്ടിൽ ഞാൻ മാത്രം.വാപ്പാന്റെ മുഖം ഓർക്കാൻ പോലും എൻറെ മനസ്സിലില്ല. ഒരു കുട്ടിയുടെ കോളേജ് ജീവിതം വവർണ്ണങ്ങൾ ഒരു പൂമ്പാറ്റയെ പോലെയാണ്.എന്നാൽ എന്റേത് വർണ്ണങ്ങൾ എല്ലാം പോയ ഒരു നരിച്ച പൂമ്പാറ്റ പോലെയായി അപ്പോളാണ് ഞാൻ അവനെ കാണുന്നത് "ഷെഹ്സാൻ".

എൻറെ ജീവിതം തന്നെ മാറ്റിമറിച്ച കാഞ്ചനയുടെ മൊയ്തീൻ പോലെയാണ് അവൻ എനിക്ക് ഈ ലോകത്ത് ഇനി ഞാൻ ജീവിക്കുന്നത് അവനു വേണ്ടി മാത്രം."എടി മാറിനിൽക്ക്" എന്ന് ശബ്ദം എന്റെ മധുര ഓർമ്മകളിൽ നിന്ന് ഉണർത്തി നോക്കുമ്പോൾ എന്റെ അപ്പാർട്ട്മെന്റിന്റെ അടുത്ത വീട്ടിൽ വസിക്കുന്ന കുട്ടിയോട് അവളുടെ ഉമ്മ പറയുകയാണ് "അവൾ ചീത്തവളാണ് അവളെ അരികിലേക്ക് പോകേണ്ട എന്ന് പറഞ്ഞ്" അവളെ കൂട്ടിക്കൊണ്ടുപോയി കുറച്ചു കഴിഞ്ഞ് ആ കുട്ടി എൻറെ അരികിൽ വന്നു പറഞ്ഞു ചേച്ചി... ചേച്ചി.

"മറ്റുള്ളവർ പറയുന്നത് കേൾക്കേണ്ട അവർക്ക് അവരുടെ അടുത്തു മാത്രമേയുള്ളൂ ചിന്ത.ഈ സമൂഹമേ അങ്ങനെയാ പുറമേയുള്ളത് വെച്ച് വില ഇരുത്തും. അതിൻറെ ഉള്ളിലേക്ക് അവർ അറിയാൻ ശ്രമിക്കില്ല"."ചേച്ചി ഒരു പക്ഷേ രാത്രിയിൽ ലൈറ്റ് ഓണാക്കി ഇരിക്കുന്നത് ഒരു പക്ഷേ ചേച്ചിയുടെ ജീവിതത്തിലെ ഹൃദയത്തിൽ ഉള്ള ഉണങ്ങാത്ത മുറിവുകളുടെ ഓർമ്മകൾ കാരണമായിരിക്കാം" എന്നു പറഞ്ഞു അവൾ പോയി.





















Diya. K. M